**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4305** **09-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടയം ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 25-30 വർഷങ്ങൾക്ക് മുമ്പ് പഞ്ചായത്തുകളുടെ നേതൃത്വത്തിൽ ഭൂരഹിതർക്കായി നടപ്പിലാക്കിയ '4 സെന്റ് കോളനി പദ്ധതി' പ്രകാരം വസ്തു ലഭിച്ചവർക്ക് ഇപ്പോഴും പ്രസ്തുത ഭൂമി പരമ്പരാഗതമായി കൈമാറ്റം ചെയ്യാമെന്നല്ലാതെ, പട്ടയം ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നാല് സെന്റ് കോളനി പദ്ധതി പ്രകാരം വസ്തു ലഭിച്ചവരിൽ പട്ടയം ലഭിക്കാത്തവർക്ക് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട പഞ്ചായത്തിന്റെ അനുവാദപത്രികയുടെ അടിസ്ഥാനത്തിൽ പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ 20.05.1997 ലെ ജി.ഒ (എം.എസ്) 355/97/ആർ.ഡി, 30.06.2015 ലെ ജി.ഒ (എം.എസ്) 289/2015/റവ എന്നീ ഉത്തരവുകളിൽ ലക്ഷം വീട് പദ്ധതി, മറ്റ് ഗ്രാമീണ ഭൂരഹിത തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരവും ഭൂമി അനുവദിക്കപ്പെട്ടവർ അന്യാധീനപ്പെടുത്തി കഴിഞ്ഞ സ്ഥലത്തിന്റെ നിലവിലുള്ള കൈവശക്കാർ അർഹരും, സാമ്പത്തികമായി ദുർബല വിഭാഗത്തിൽപ്പെട്ട വരാണെങ്കിലും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ അംഗീകരിക്കുന്ന പക്ഷം പട്ടയം നൽകാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ആയവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. എന്നാൽ, പഞ്ചായത്ത് വ്യക്തികളിൽ നിന്നും വിലയ്ക്ക് വാങ്ങി നാല് സെന്റ് കോളനിക്കായി നൽകിയ ഭൂമിയിൽ പല പഞ്ചായത്തുകളിലും ആവശ്യമായ രേഖകൾ ലഭ്യമല്ലാത്ത അവസ്ഥയുണ്ട് . ഇത്തരം ഭൂമികൾ സർക്കാരിൽ നിക്ഷിപ്തമാക്കി പട്ടയം നൽകുന്നതിന് സാധ്യമാണോ എന്ന വിഷയം പരിശോധിക്കുന്നതാണ് |
| (ബി) | ഉണ്ടെങ്കിൽ ഇവർക്ക് പട്ടയം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ? | (ബി) | നാല് സെന്റ് കോളനി പദ്ധതി പ്രകാരം വസ്തു ലഭിച്ചവരിൽ പട്ടയം ലഭിക്കാത്തവർക്ക് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട പഞ്ചായത്തിന്റെ അനുവാദപത്രികയുടെ അടിസ്ഥാനത്തിൽ പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ 20.05.1997 ലെ ജി.ഒ (എം.എസ്) 355/97/ആർ.ഡി, 30.06.2015 ലെ ജി.ഒ (എം.എസ്) 289/2015/റവ എന്നീ ഉത്തരവുകളിൽ ലക്ഷം വീട് |

| | | | |
|---|---|---|---|
| | | | പദ്ധതി, മറ്റ് ഗ്രാമീണ ഭൂരഹിത തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരവും ഭൂമി അനുവദിക്കപ്പെട്ടവർ അന്യാധീനപ്പെടുത്തി കഴിഞ്ഞ സ്ഥലത്തിന്റെ നിലവിലുള്ള കൈവശക്കാർ അർഹരും, സാമ്പത്തികമായി ദുർബല വിഭാഗത്തിൽപ്പെട്ട വരാണെങ്കിലും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ അംഗീകരിക്കുന്ന പക്ഷം പട്ടയം നൽകാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ആയവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. എന്നാൽ, പഞ്ചായത്ത് വ്യക്തികളിൽ നിന്നും വിലയ്ക്ക് വാങ്ങി നാല് സെന്റ് കോളനിക്കായി നൽകിയ ഭൂമിയിൽ പല പഞ്ചായത്തുകളിലും ആവശ്യമായ രേഖകൾ ലഭ്യമല്ലാത്ത അവസ്ഥയുണ്ട് . ഇത്തരം ഭൂമികൾ സർക്കാരിൽ നിക്ഷിപ്തമാക്കി പട്ടയം നൽകുന്നതിന് സാധ്യമാണോ എന്ന വിഷയം പരിശോധിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ